**ഖുർആൻ സമ്പൂർണമതസ്വാതന്ത്ര്യം വിളംബരംചെയ്യുന്നു. നീണ്ട പതിനാലു നൂറ്റാണ്ടുകാലം മുസ്‌ലിംകൾ ഭരണം നടത്തിയ നാടുകളിലിന്നും മതന്യൂനപക്ഷങ്ങൾ സ്വൈരമായി കഴിയാനുള്ള കാരണവും അതുതന്നെ**

# ഇതര മതങ്ങളോടുള്ള സമീപനം

ശൈഖ് മുഹമ്മദ് കാരകുന്ന്

ഖുർആനികവീക്ഷണത്തിൽ ആദിമനുഷ്യനോളം പഴക്കമുള്ള ജീവിതാദർശമാണ് ഇസ്‌ലാം. ഭൂമിയിൽ ജീവിതം ആരംഭിക്കുംമുമ്പേ ആദ്യപിതാവ് ആദമിനെ അല്ലാഹു അറിയിച്ചു: "നിങ്ങൾക്ക് എന്നിൽനിന്ന് മാർഗദർശനം ലഭിക്കുമ്പോൾ, ആർ ആ മാർഗദർശനത്തെ അനുധാവനം ചെയ്യുന്നുവോ, അവർ പേടിക്കേണ്ടിവരില്ല; ദുഃഖിക്കേണ്ടിയും വരില്ല. എന്നാൽ, നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവരോ, അവർ തന്നെയാണ് നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും" (ഖുർആൻ: 2: 38,39).

ഈവിധം ഭൂമിയിലെ ഒന്നാമത്തെ മനുഷ്യനു തന്നെ ദൈവത്തിൽനിന്നുള്ള വ്യക്തമായ ജീവിതക്രമം ലഭിക്കുകയുണ്ടായി. അദ്ദേഹം അത് പിന്മുറക്കാർക്ക് കൈമാറുകയും ചെയ്തു. ഖാബീലും ഹാബീലും തമ്മിൽ നടന്ന സംഭാഷണം ഇക്കാര്യം വ്യക്തമാക്കുന്നു: "ആദമിന്റെ രണ്ടു പുത്രന്മാരുടെ വർത്തമാനം യഥാവിധി അവരെ കേൾപ്പിക്കുക. അവരിരുവരും ബലിയർപ്പിച്ചപ്പോൾ ഒരുവന്റെ ബലി സ്വീകരിക്കപ്പെട്ടു. അപരന്റേതു സ്വീകരിക്കപ്പെട്ടില്ല. അയാൾ പറഞ്ഞു: 'നിന്നെ ഞാൻ കൊല്ലുകതന്നെ ചെയ്യും.' അപ്പോൾ മറ്റേയാൾ പ്രതിവചിച്ചു: അല്ലാഹു ഭക്തന്മാരുടെ ബലിയേ സ്വീകരിക്കുകയുള്ളൂ. നീ എന്നെ വധിക്കാനായി നിന്റെ കൈ എന്റെ നേരെ നീട്ടിയാലും നിന്നെ വധിക്കാനായി എന്റെ കൈ നിന്റെ നേരെ നീട്ടുകയില്ല. ഞാൻ സർവലോകനാഥനായ അല്ലാഹുവെ ഭയപ്പെടുന്നു. എന്റെ പാപവും നിന്റെ പാപവും നീ തന്നെ വഹിക്കേണ്ടിവരുമെന്ന് ഞാൻ കരുതുന്നു. അങ്ങനെ നീ നരകാവകാശിയായിത്തീരുമെന്നും. അതാകുന്നു അക്രമികൾക്കുള്ള പ്രതിഫലം" (5: 27-29).


വിശ്വാസം, ആരാധന, സാന്മാർഗികക്രമം പോലുള്ള മതത്തിന്റെ മൗലികകാര്യങ്ങളെല്ലാം അക്കാലത്തുതന്നെ നൽകപ്പെട്ടിരുന്നുവെന്ന് ഇത് അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. തുടർന്ന് മനുഷ്യസമൂഹം ദൈവികസന്മാർഗത്തിൽനിന്ന് തെന്നിമാറിയപ്പോഴെല്ലാം അവരെ നേർവഴിയിൽ നയിക്കാനായി ദൈവദൂതന്മാർ നിയോഗിതരായിക്കൊണ്ടിരുന്നു. ദൈവികജീവിതവ്യവസ്ഥയെ സമൂഹസമക്ഷം താത്ത്വികമായും പ്രായോഗികമായും സമർപ്പിക്കലും അങ്ങനെ അതംഗീകരിക്കുന്നവർക്ക് ശുഭവാർത്ത അറിയിക്കലും നിരാകരിക്കുന്നവർക്ക് താക്കീത് നൽകലുമായിരുന്നു അവരിലർപ്പിതമായിരുന്ന ബാധ്യത. ഈവിധം ദൈവദൂതന്മാർ നിയോഗിതരാവാത്ത ഒരു ജനതയും ചരിത്രത്തിലുണ്ടായിട്ടില്ല. അഥവാ, എക്കാലത്തെയും എവിടത്തെയും എല്ലാ ജനസമൂഹങ്ങൾക്കും പ്രവാചകന്മാരിലൂടെ ദിവ്യസന്ദേശം ലഭിച്ചിരുന്നു. അല്ലാഹു അറിയിക്കുന്നു: "നാം എല്ലാ സമുദായത്തിനും ദൈവദൂതനെ നിയോഗിച്ചുകൊടുത്തിട്ടുണ്ട്. അദ്ദേഹത്തിലൂടെ അവരെ ഇങ്ങനെ അറിയിക്കുകയുണ്ടായി: നിങ്ങൾ അല്ലാഹുവിനെ വണങ്ങിവഴങ്ങി ജീവിക്കുക. വ്യാജദൈവങ്ങളെ വർജിക്കുകയും ചെയ്യുക" (16:36). "ഉറപ്പായും നിന്നെ നാം നിയോഗിച്ചത് സത്യസന്ദേശവുമായാണ്. ശുഭവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായാണ്. താക്കീതുകാരൻ ഉണ്ടായിട്ടില്ലാത്ത ഒരു സമുദായവുമില്ല" (35: 24). "ആർ നേർവഴി സ്വീകരിക്കുന്നുവോ, അത് അവന്റെ തന്നെ ഗുണത്തിനുവേണ്ടിയാകുന്നു. ആർ ദുർമാർഗിയാകുന്നുവോ അതിന്റെ ദൂഷ്യവും അവനുതന്നെ. ഭാരം വഹിക്കുന്നവരാരും അപരന്റെ ചുമട് വഹിക്കുകയില്ല. സത്യസന്ദേശവുമായി ദൂതനെ നിയോഗിക്കുംവരെ നാമാരെയും ശിക്ഷിക്കാറുമില്ല" (17:15).

ഇങ്ങനെ ഓരോ ജനതയിലും ദൈവദൂതൻ നിയോഗിതനായപ്പോൾ ഒരു വിഭാഗം അതംഗീകരിക്കുകയും അദ്ദേഹത്തിന്റെ അനുയായികളായിത്തീരുകയും ചെയ്തു. മറ്റുള്ളവർ ധിക്കരിക്കുകയും നിഷേധികളായി നിലകൊള്ളുകയുമാണുണ്ടായത്. കാലക്രമേണ ദൈവദൂതനെ പിന്തുടർന്നവരും അവരുടെ പിന്മുറക്കാരും അദ്ദേഹത്തിലൂടെ അവതീർണമായ സത്യപാതയിൽനിന്ന് അകന്നുപോയപ്പോൾ അവരെ നേർവഴിയിലേക്ക് തിരിച്ചു

കൊണ്ടുവരാനായി വീണ്ടും ദൈവദൂതൻ ആഗതനായി. അപ്പോഴും ഒരു വിഭാഗം ആ ദൈവദൂതനെ പിന്തുണക്കുകയും പിന്തുടരുകയും മറ്റുള്ളവർ തങ്ങളുടെ മാർഗഭ്രംശത്തിലുറച്ചുനിൽക്കുകയും ചെയ്തു. ദൈവത്തിന്റെ അന്ത്യദൂതനായ മുഹമ്മദ് നബി തിരുമേനി(സ) നിയോഗിതനായപ്പോഴും ഇതുതന്നെ സംഭവിച്ചു. മതമെല്ലാം ഒരേ ദൈവികസ്രോതസ്സിൽനിന്നുള്ളതായിരുന്നിട്ടും അവയ്ക്കിടയിൽ വൈവിധ്യവും വൈരുധ്യവും കാണപ്പെടാൻ കാരണം ഇതത്രെ. ലോകത്ത് വിവിധ മതങ്ങളുണ്ടാവാനുള്ള കാരണവും മറ്റൊന്നല്ല. അല്ലാഹു അറിയിക്കുന്നു: "ആദിയിൽ ജനമൊക്കെയും ഒരൊറ്റ സമുദായമായിരുന്നു. പിന്നീട് അവർ ഭിന്നിച്ചപ്പോൾ സന്മാർഗചാരികൾക്ക് ശുഭവാർത്തയും ദുർമാർഗികൾക്ക് താക്കീതും നൽകുന്നവരായി പ്രവാചകന്മാരെ നിയോഗിച്ചയച്ചു. ജനത്തിനിടയിൽ ഭിന്നിപ്പുള്ള കാര്യങ്ങളിൽ തീർപ്പു കൽപിക്കാനായി അവരോടൊപ്പം സത്യവേദവും അവതരിപ്പിച്ചു. സത്യജ്ഞാനം എത്തിയ ശേഷമാണ് അവർ ഭിന്നിച്ചത്. വ്യക്തമായ തെളിവുകൾ വന്നെത്തിയിട്ടും അവർ ഭിന്നിച്ചത് അവർക്കിടയിലെ പക നിമിത്തമത്രെ" (2:213)

"പിന്നീട് അദ്ദേഹത്തിനുശേഷം പല ദൂതന്മാരെയും അവരുടെ ജനതയിലേക്ക് നാം നിയോഗിച്ചു. അങ്ങനെ അവരുടെ അടുത്ത് വ്യക്തമായ തെളിവുകളുമായി ആ ദൂതന്മാർ ചെന്നു. എന്നാൽ, അവർ നിഷേധിച്ചു തള്ളിയതിൽ വിശ്വസിക്കാനവർ തയാറുണ്ടായിരുന്നില്ല. അക്രമകാരികളുടെ ഹൃദയങ്ങളിന്മേൽ ആവിധം നാം മുദ്രവയ്ക്കുന്നു" (10:74).

"പിന്നെ നാം നമ്മുടെ ദൂതന്മാരെ തുടരെത്തുടരെ അയച്ചുകൊണ്ടിരുന്നു. ഓരോ സമുദായത്തിന്റെ അടുത്തും അവരിലേക്കുള്ള ദൂതൻ ചെന്നപ്പോഴെല്ലാം അവരദ്ദേഹത്തെ നിഷേധിച്ചുതള്ളുകയാണുണ്ടായത്" (23:44). "വ്യക്തമായ തെളിവുകളുമായി നമ്മുടെ ദൂതന്മാർ അവരുടെ അടുത്തുചെന്നു. എന്നിട്ടും അവർ വിശ്വസിക്കുന്നവരായില്ല" (10:13). "ഏതൊരു നാട്ടിലേക്കും നാം താക്കീതുകാരനെ അയച്ചപ്പോഴെല്ലാം അവിടത്തെ സുഖലോലുപന്മാർ ഇങ്ങനെ പറയാതിരുന്നിട്ടില്ല: നിങ്ങൾ കൊണ്ടുവന്ന സന്ദേശത്തെ ഞങ്ങൾ തള്ളിപ്പറയുന്നു" (34:34).



**ഒരു സാഹചര്യത്തിലും ഇതര മതവിഭാഗങ്ങളുടെ ആരാധ്യവസ്തുക്കളെ ആക്ഷേപിക്കരുതെന്ന് ഖുർആൻ ശക്തമായി അനുശാസിക്കുന്നു**

ഇങ്ങനെ വിവിധ വിശ്വാസവീക്ഷണങ്ങൾ രൂപംകൊണ്ടതോടൊപ്പം ഓരോ വിഭാഗവും തങ്ങളുടെ വശമുള്ളതിൽ തൃപ്തിയടയുകയും അതുമാത്രമാണ് ശരിയെന്ന് അവകാശപ്പെടുകയും ചെയ്തു:

"അങ്ങനെ ജനം പല കക്ഷികളായി പിരിഞ്ഞ് തങ്ങളുടെ കാര്യത്തിൽ പരസ്പരം ഭിന്നിച്ചു. ഓരോ കക്ഷിയും തങ്ങളുടെ വശമുള്ളതിൽ തൃപ്തിയടയുന്നവരാകുന്നു" (23:53).

"തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും പല കക്ഷികളായി പിരിയുകയും ചെയ്തവരോ, അവരിലെ ഓരോ കക്ഷിയും തങ്ങളുടെ വശമുള്ളതിൽ സന്തോഷിക്കുന്നവരത്രെ" (30:32).

## മതവൈവിധ്യം

മതവൈവിധ്യത്തെ ഖുർആൻ ഒരു യാഥാർഥ്യമായി അംഗീകരിക്കുന്നു. മനുഷ്യന് നൽകപ്പെട്ട ചിന്താസ്വാതന്ത്ര്യത്തിന്റെ അനിവാര്യതയായി വിലയിരുത്തുകയും ചെയ്യുന്നു:

"നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നെങ്കിൽ മനുഷ്യരെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. എന്നാൽ അവർ ഭിന്നിച്ചുകൊണ്ടേയിരിക്കും" (11:118).

"അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഏക സമുദായമാക്കുമായിരുന്നു. എന്നാൽ, താനുദ്ദേശിക്കുന്നവരെ അവൻ ദുർമാർഗത്തിലാക്കുകയും താനുദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടും; തീർച്ച" (16: 93).

"അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ മനുഷ്യരെയൊക്കെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. എന്നാൽ, താനുദ്ദേശിക്കുന്നവരെ അവൻ തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നു. അക്രമികളോ അവർക്ക് ഒരു സഹായിയും രക്ഷകനുമില്ല" (42:8).

"അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ മുഴുവൻ അവൻ നേർവഴിയിലാക്കുമായിരുന്നു" (6: 149).

"നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നെങ്കിൽ ഭൂമിയിലുള്ളവരെല്ലാം ഒന്നിച്ചു വിശ്വസിക്കുമായിരുന്നു" (10:99). "നാം ഉദ്ദേശിച്ചിരുന്നെങ്കിൽ ഓരോ ആൾക്കും നാം അവന്റെ സന്മാർഗം നൽകുമായിരുന്നു" (32:13)

വിശ്വാസ, വീക്ഷണവൈജാത്യം പോലെത്തന്നെ ആരാധനാ, ആചാര, അനുഷ്ഠാനവൈവിധ്യങ്ങളും ദൈവനിശ്ചയത്തിന്റെ ഭാഗമത്രെ. അഥവാ, മനുഷ്യന് അനുവദിക്കപ്പെട്ട ചിന്താസ്വാതന്ത്ര്യത്തിന്റെ അനിവാര്യത:

നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമമാർഗവും നാം നിശ്ചയിച്ചുതന്നിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. എന്നാൽ, അങ്ങനെയല്ലാത്തത് നിങ്ങൾക്കവൻ നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷിക്കാനാണ്. അതിനാൽ, നല്ല കാര്യങ്ങളിലേക്ക് നിങ്ങൾ മത്സരിച്ച് മുന്നേറുക. അല്ലാഹുവിങ്കലേക്കത്രെ നിങ്ങളുടെയെല്ലാം മടക്കം. നിങ്ങൾ ഭിന്നിച്ചിരുന്ന വിഷയങ്ങളെ സംബന്ധിച്ച് അപ്പോഴവൻ നിങ്ങൾക്ക് അറിയിച്ചുതരുന്നതാണ്" (5:48).

"ഓരോ സമുദായത്തിനും നാം ഓരോ ആരാധനാക്രമം നിശ്ചയിച്ചുകൊടുത്തിട്ടുണ്ട്. അവരതാണ് അനുഷ്ഠിച്ചുവരുന്നത്. അതിനാൽ ഇക്കാര്യത്തിൽ അവർ നിന്നോട് വഴക്കിടാതിരിക്കട്ടെ. നീ നിന്റെ നാഥങ്കലേക്ക് ക്ഷണിക്കുക. നീ വക്രതയില്ലാത്ത സന്മാർഗത്തിൽ തന്നെ; തീർച്ച" (22:67).

## മതസമൂഹങ്ങളോടുള്ള സമീപനം

മതവൈവിധ്യത്തെ അംഗീകരിക്കുന്ന ഖുർആൻ അതിന്റെ അവതരണകാലത്ത് അറേബ്യയിലുണ്ടായിരുന്ന മതങ്ങളെ പരാമർശിക്കു

ന്നു. അതോടൊപ്പം മുസ്‌ലിംകള്‍ക്ക് അടുത്തിടപഴകേണ്ടിവന്ന ജൂത-ക്രൈസ്തവസമൂഹങ്ങളെ വിശദമായി പരിചയപ്പെടുത്തുകയും ശക്തമായും സത്യസന്ധമായും നിരൂപണം നടത്തുകയും ചെയ്യുന്നു. തുടര്‍ന്ന് അവരോട് സ്വീകരിക്കേണ്ട സമീപനം വ്യക്തമാക്കുന്നു. അവരെ വേദാവകാശികളെന്നാണ് ഖുര്‍ആന്‍ വിശേഷിപ്പിക്കുന്നത്:

"അവരെല്ലാം ഒരുപോലെയല്ല. നേര്‍മാര്‍ഗത്തില്‍ നിലകൊള്ളുന്ന ഒരു വിഭാഗവും വേദക്കാരിലുണ്ട്. നിശാവേളകളില്‍ സാഷ്ടാംഗത്തിലായിരിക്കെ അവര്‍ ദൈവവചനങ്ങള്‍ പാരായണം ചെയ്യുന്നു. അവര്‍ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സദാചാരം കല്‍പിക്കുകയും ദുരാചാരത്തെ വിലക്കുകയും സല്‍കൃത്യങ്ങളില്‍ ഉത്സുകരായിരിക്കുകയും ചെയ്യും. അവര്‍ സജ്ജനങ്ങളില്‍പെട്ടവരാകുന്നു" (3: 113,114).

"വേദക്കാരില്‍ മിതത്വം പാലിക്കുന്ന ഒരു സമൂഹമുണ്ട്. എന്നാല്‍, അവരില്‍ ഏറെ പേരുടെയും പ്രവര്‍ത്തനങ്ങള്‍ വളരെ ചീത്ത തന്നെ" (5:66).

"ഒരു സ്വര്‍ണക്കൂമ്പാരം തന്നെ വിശ്വസിച്ചേല്‍പിച്ചാലും അതു നിനക്ക് തിരിച്ചുനല്‍കുന്ന ചിലര്‍ വേദക്കാരിലുണ്ട്. അവരില്‍ തന്നെ വേറൊരു വിഭാഗമുണ്ട്. നീ അവരെ ഒരു ദീനാര്‍ വിശ്വസിച്ചേല്‍പിച്ചാല്‍ പോലും നിരന്തരം ശല്യം ചെയ്താലല്ലാതെ അവരത് നിനക്ക് തിരിച്ചുതരികയില്ല" (3: 75).

"ജനങ്ങളില്‍ സത്യവിശ്വാസികളോട് ഏറ്റവും കടുത്ത ശത്രുതയുള്ളവര്‍ യഹൂദരും ബഹുദൈവാരാധകരുമാണെന്ന് നിനക്ക് കാണാം. ഞങ്ങള്‍ ക്രിസ്ത്യാനികളാകുന്നു എന്നു പറഞ്ഞവരാണ് ജനങ്ങളില്‍വച്ച് സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സൗഹൃദമുള്ളവര്‍ എന്നും നിനക്ക് കാണാം. അവരില്‍ മതപണ്ഡിതന്മാരും സന്യാസികളും ഉണ്ടെന്നതും അവര്‍ അഹന്ത നടിക്കുന്നില്ലെന്നതുമാണതിനു കാരണം" (5:82).

മുസ്‌ലിംകളോട് അവരുമായി അടുത്തിടപഴകേണ്ടിവന്ന ജൂത-ക്രൈസ്തവസമൂഹങ്ങളുടെ സമീപനത്തെ ഈവിധം നിരൂപണം ചെയ്യുന്ന ഖുര്‍ആന്‍ അവരംഗീകരിക്കുന്ന മുഴുവന്‍ മഹദ്‌വ്യക്തികളെയും അംഗീകരിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു.

യഹൂദ-ക്രൈസ്തവസമൂഹം ഒന്നുപോലെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന പ്രവാചകന്മാരിലൂടെ സമര്‍പ്പിതമായ ജീവിതവ്യവസ്ഥ തന്നെയാണ് ഖുര്‍ആനും സമര്‍പ്പിക്കുന്നതെന്ന് സമര്‍ഥിക്കുകയും ചെയ്യുന്നു:

"നൂഹിനോട് കല്‍പിച്ചതും നിനക്ക് നാം ബോധനം നല്‍കിയതും ഇബ്‌റാഹീം, മൂസാ, ഈസാ എന്നിവരോട് നാം അനുശാസിച്ചതുമായ അതേ കാര്യം -നിങ്ങള്‍ ദൈവികജീവിതവ്യവസ്ഥയെ സ്ഥാപിക്കുകയും നിലനിര്‍ത്തുകയും ചെയ്യുക; അതില്‍ ഭിന്നിക്കാതിരിക്കുക- അവന്‍ നിങ്ങള്‍ക്കും നിയമമായി നിശ്ചയിച്ചിരിക്കുന്നു" (42:13).

വേദക്കാരോട് സംവദിക്കേണ്ടതെങ്ങനെയെന്നും ഖുര്‍ആന്‍ ഖണ്ഡിതമായി വ്യക്തമാക്കുന്നു: "വേദക്കാരോട് ഏറ്റം നല്ല നിലയിലല്ലാതെ നിങ്ങള്‍ സംവാദം നടത്തരുത് -അവരില്‍നിന്ന് അക്രമം പ്രവര്‍ത്തിച്ചവരോടൊഴികെ. നിങ്ങള്‍ പറയുക: ഞങ്ങള്‍ക്ക് അവതരിപ്പിക്കപ്പെട്ടതിലും നിങ്ങള്‍ക്ക് അവതീര്‍ണമായതിലും ഞങ്ങള്‍ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒരുവന്‍തന്നെ. ഞങ്ങള്‍ അവന് വഴിപ്പെട്ടവരാകുന്നു" (29:46).

അതോടൊപ്പം വേദക്കാരികളെ വിവാഹം കഴിക്കാനും അവരുടെ ആഹാരം ഉപയോഗിക്കാനും ഖുര്‍ആന്‍ അനുമതി നല്‍കുന്നു. അഥവാ വേദവിശ്വാസികള്‍ തങ്ങളുടെ രീതിയനുസരിച്ച് അറുത്ത മാംസം മുസ്‌ലിംകള്‍ക്ക് ഭുജിക്കാവുന്നതാണ്: "എല്ലാ നല്ല വസ്തുക്കളും ഇന്ന് നിങ്ങള്‍ക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. വേദം നല്‍കപ്പെട്ടവരുടെ ഭക്ഷണം നിങ്ങള്‍ക്ക് അനുവദനീയമാണ്. നിങ്ങളുടെ ഭക്ഷണം അവര്‍ക്കും അനുവദനീയമാണ്. സത്യവിശ്വാസിനികളില്‍നിന്നുള്ള പതിവ്രതകളായ സ്ത്രീകളും നിങ്ങള്‍ക്ക് മുമ്പ് വേദം നല്‍കപ്പെട്ടവരില്‍നിന്നുള്ള പതിവ്രതകളായ സ്ത്രീകളും നിങ്ങള്‍ക്ക് അനുവദനീയമാണ്. നിങ്ങളവര്‍ക്ക് വിവാഹമൂല്യം നല്‍കിയിട്ടുണ്ടെങ്കില്‍. നിങ്ങള്‍ വൈവാഹികജീവിതത്തില്‍ ഒതുങ്ങിക്കഴിയുന്നവരാകണം. വ്യഭിചാരത്തിലേര്‍പ്പെടുന്നവരാകരുത്. രഹസ്യവേഴ്ചക്കാരെ സ്വീകരിക്കുന്നവരുമാകരുത്. സത്യവിശ്വാസത്തെ നിരാകരിക്കുന്നവനോ, അവന്റെ കര്‍മം പാഴായതുതന്നെ. പരലോകത്ത് അവന്‍ പരാജിതരിലായിരിക്കുകയും ചെയ്യും" (5:5).

ഖുര്‍ആന്‍ നേര്‍ക്കുനേരെ പാര്‍സികളെ വേദക്കാരിലുള്‍പ്പെടുത്തി പറയാതിരുന്നിട്ടും പ്രവാചകന്‍ അവര്‍ക്കും ആ പരിഗണന നല്‍കുകയുണ്ടായി.

## പ്രബോധനത്തിലെ തത്ത്വദീക്ഷ

സത്യമതമായ ഇസ്‌ലാമിന്റെ സന്ദേശപ്രചാരണം മുസ്‌ലിംകളുടെ ബാധ്യതയാണെന്ന് ഖുര്‍ആന്‍ പഠിപ്പിക്കുന്നുണ്ട്. എന്നാല്‍, ഈ ബാധ്യതാനിര്‍വഹണം തികഞ്ഞ ഗുണകാംക്ഷയോടും തത്ത്വദീക്ഷയോടെയുമാകണമെന്ന് ഇസ്‌ലാം നിഷ്കര്‍ഷിക്കുന്നു:

"നന്മയും തിന്മയും തുല്യമല്ല. അതിനാല്‍ നീ തിന്മയെ ഏറ്റം ഉത്തമമായ നന്മ കൊണ്ടു തടയുക. അപ്പോള്‍ നിന്നോട് വൈരത്തില്‍ വര്‍ത്തിക്കുന്നവന്‍ ഉറ്റമിത്രമായി മാറുന്നതാണ്" (41: 33,34). "യുക്തിദീക്ഷയോടെയും ശ്രേഷ്ഠമായ സദുപദേശത്തോടെയും നീ നിന്റെ നാഥന്റെ മാര്‍ഗത്തിലേക്ക് പ്രബോധനം ചെയ്യുക. ഏറ്റം നല്ല നിലയില്‍ ജനങ്ങളോട് സംവാദം നടത്തുക. തന്റെ മാര്‍ഗത്തില്‍നിന്ന് വ്യതിചലിച്ചവരാരെന്നും നേര്‍വഴി പ്രാപിച്ചവരാരെന്നും കൂടുതല്‍ നന്നായറിയുന്നവന്‍ നിന്റെ നാഥന്‍ തന്നെ, തീര്‍ച്ച" (16:125).

ഒരു സാഹചര്യത്തിലും ഇതര മതവിഭാഗങ്ങളുടെ ആരാധ്യവസ്തുക്കളെ ആക്ഷേപിക്കരുതെന്ന് ഖുര്‍ആന്‍ ശക്തമായി അനുശാസിക്കുന്നു: "ഈ ജനം അല്ലാഹുവെ വെടിഞ്ഞ് വിളിച്ചുപ്രാര്‍ഥിക്കുന്നവരെ നിങ്ങള്‍ അധിക്ഷേപിക്കരുത്" (6:108).

ആദര്‍ശപ്രബോധനത്തിനപ്പുറം നിര്‍ബന്ധം അരുതെന്ന് ഖുര്‍ആന്‍ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു: "മതകാര്യത്തില്‍ ഒരുവിധ ബലപ്രയോഗവുമരുത്. നേര്‍വഴി ദുര്‍മാര്‍ഗത്തില്‍നിന്ന് വേര്‍തിരിഞ്ഞ് വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു" (2:256). "സന്ദേശം സ്പഷ്ടമായി എത്തിച്ചുകൊടുക്കുകയെന്നതല്ലാതെ ദൈവദൂതന്മാര്‍ക്ക് മറ്റെന്ത് ഉത്തരവാദിത്വമാണുള്ളത്?" (16:35) "അഥവാ, ഈ ജനം പുറംതിരിഞ്ഞുപോവുകയാണെങ്കിലോ, അറിയുക: നിന്നെ നാം അവരുടെ മേല്‍നോട്ടക്കാരനായി നിയോഗിച്ചിട്ടില്ല. സന്ദേശമെത്തിച്ചുകൊടുക്കുക മാത്രമാകുന്നു നിന്റെ ബാധ്യത" (42:48). "അഥവാ, നിങ്ങള്‍ പിന്തിരിയുകയാണെങ്കില്‍ സന്ദേശം വ്യക്തമായി എത്തിച്ചുതരുന്ന ബാധ്യത മാത്രമേ നമ്മുടെ ദൂതനുള്ളൂ" (5:92). "നീ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുക. നീ ഉദ്ബോധകന്‍ മാത്രമാകുന്നു. അവരെ ബലാല്‍ക്കാരം വഴിപ്പെടുത്തുന്നവനൊന്നുമല്ല നീ" (88:21,22).

## മതസ്വാതന്ത്ര്യം

ഈ ഭൂമിയിലെ മുഴുവന്‍ മനുഷ്യരും ദൈവികവ്യവസ്ഥ സ്വീകരിച്ച് സന്മാര്‍ഗികളായിത്തീരുമെന്ന് പ്രതീക്ഷിക്കാവതല്ല. എല്ലാവരെയും നിര്‍ബന്ധപൂര്‍വം ഏകമതാനുയായികളാക്കുക ദൈവികനടപടിക്രമത്തില്‍ പെട്ടതുമല്ല. അല്ലാഹു അറിയിക്കുന്നു: "അല്ലാഹു ഇഛിച്ചിരുന്നെങ്കില്‍ അവരെയെല്ലാം നേര്‍വഴിയില്‍ ഒരുമിച്ചുകൂട്ടുമായിരുന്നു. അതിനാല്‍ നീ മൂഢനാവാതിരിക്കുക. കാര്യം കേട്ടറിയുന്നവര്‍ മാത്രമേ സത്യപ്രബോധനത്തിന് ഉത്തരം നല്‍കുകയുള്ളൂ" (6:35,36).

“പറയുക, സത്യത്തെ പ്രാപിക്കുന്ന പ്രമാണം അല്ലാഹുവിങ്കലാകുന്നു. അല്ലാഹു ഇഛരിച്ചിരുന്നെങ്കിൽ അവൻ നിങ്ങളെയൊക്കെ സന്മാർഗത്തിലാക്കുമായിരുന്നു” (6:149). “നിന്റെ നാഥൻ ഇഛരിച്ചിരുന്നെങ്കിൽ ഭൂനിവാസികളെല്ലാം വിശ്വാസികളാകുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ വിശ്വാസികളാകാൻ നീ അവരെ നിർബന്ധിക്കുകയോ?” (10:99).

ഈവിധം മതവൈവിധ്യത്തെ ഒരു യാഥാർഥ്യമായി അംഗീകരിക്കുന്ന ഖുർആൻ ഓരോരുത്തർക്കും തങ്ങളിഷ്ടപ്പെടുന്ന വിശ്വാസവീക്ഷണങ്ങളംഗീകരിക്കാൻ അനുവാദം നൽകുന്നു:

“പറയുക: ഇത് നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യമാകുന്നു. ഇഷ്ടമുള്ളവർക്കിത് സ്വീകരിക്കാം. ഇഷ്ടമുള്ളവർക്ക് നിഷേധിക്കാം” (18:29).

ഇതിന്റെയടിസ്ഥാനത്തിലാണ് ലോകത്തിലെ ആദ്യ ഇസ്‌ലാമികഭരണകൂടം സ്ഥാപിതമായപ്പോൾ അതിന്റെ നായകനായ നബിതിരുമേനി അവിടത്തെ ജൂതന്മാരുമായി ഇങ്ങനെ കരാറുണ്ടാക്കിയത്: “നമ്മുടെ ഭരണസാഹോദര്യസീമയിൽ പെടുന്ന ജൂതന്മാർക്ക് വർഗാടിസ്ഥാനത്തിലുള്ള പക്ഷപാതപരമായ പെരുമാറ്റങ്ങളിൽനിന്നും ദ്രോഹങ്ങളിൽനിന്നും രക്ഷനൽകും. നമ്മുടെ സഹായത്തിനും ദയാപൂർണമായ സംരക്ഷണത്തിനും സ്വന്തം സമുദായാംഗങ്ങളെപ്പോലെ അവർക്കും അവകാശമുണ്ട്. മുസ്‌ലിംകളുമായി ചേർന്ന് അവർ ഏകഘടനയുള്ള ഒരു രാഷ്ട്രമായിത്തീരും. മുസ്‌ലിംകളെപ്പോലെ അവർക്കും സ്വതന്ത്രമായി തങ്ങളുടെ മതം ആചരിക്കാവുന്നതാണ്.”

**മസ്ജിദുകൾപോലെത്തന്നെ ഇതര മതവിഭാഗങ്ങളുടെ ആരാധനാലയങ്ങളും സംരക്ഷിക്കപ്പെടണമെന്നാണ് ഖുർആൻ താൽപര്യപ്പെടുന്നത്**

നജ്റാനിലെ ക്രൈസ്തവരുമായി നബിതിരുമേനി(സ) ഉണ്ടാക്കിയ സന്ധിവ്യവസ്ഥകളിലിങ്ങനെ കാണാം: “നജ്റാനിലെ ക്രിസ്ത്യാനികൾക്കും അവരുടെ സഹവാസികൾക്കും അല്ലാഹുവിന്റെ അഭയവും ദൈവദൂതനായ മുഹമ്മദിന്റെ സംരക്ഷണോത്തരവാദിത്വവുമുണ്ട്. അവരുടെ ജീവൻ, മതം, ഭൂമി, ധനം എന്നിവയ്ക്കും അവരിൽ ഹാജരുള്ളവന്നും ഇല്ലാത്തവന്നും അവരുടെ ഒട്ടകങ്ങൾക്കും നിവേദകസംഘങ്ങൾക്കും കുരിശ്, ചർച്ച് പോലുള്ള മതചിഹ്നങ്ങൾക്കും വേണ്ടിയുള്ളതാണിത്. നിലവിലുള്ള അവസ്ഥയിൽ ഒരു മാറ്റവും വരുത്തുന്നതല്ല. അവരുടെ യാതൊരവകാശവും ഒരു മതചിഹ്നവും മാറ്റപ്പെടുത്തുന്നതല്ല. അവരുടെ പാതിരിയോ പുരോഹിതനോ പള്ളിപരിപാലകനോ തന്റെ സ്ഥാനത്തുനിന്ന് നീക്കപ്പെടുന്നതല്ല.”

മസ്ജിദുകൾപോലെത്തന്നെ ഇതര മതവിഭാഗങ്ങളുടെ ആരാധനാലയങ്ങളും സംരക്ഷിക്കപ്പെടണമെന്നാണ് ഖുർആൻ താൽപര്യപ്പെടുന്നത്. അതിനനുസൃതമായ നടപടിക്രമങ്ങളാണ് അല്ലാഹുവിന്റെ ഭാഗത്തുനിന്നുണ്ടാവുകയെന്ന് അത് വ്യക്തമാക്കുന്നു:

“അല്ലാഹു ജനങ്ങളിൽ ചിലരെ മറ്റു ചിലരാൽ പ്രതിരോധിക്കുന്ന പതിവില്ലായിരുന്നെങ്കിൽ ദൈവനാമം ധാരാളമായി സ്മരിക്കപ്പെടുന്ന ചർച്ചുകളും ജൂതദേവാലയങ്ങളും സന്യാസിമഠങ്ങളും മുസ്‌ലിംപള്ളികളും തകർക്കപ്പെടുമായിരുന്നു” (22:40).

ഈവിധം തന്നെ എല്ലാ മതസമൂഹങ്ങൾക്കും തങ്ങളുടെ വ്യക്തിനിയമങ്ങൾക്കനുസൃതമായി ജീവിതം നയിക്കാൻ ഇസ്‌ലാം അനുമതി നൽകുന്നു: “നാം നിങ്ങളിൽ എല്ലാ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമമാർഗവും നിശ്ചയിച്ചിട്ടുണ്ട്. അല്ലാഹു ഇഛരിച്ചിരുന്നെങ്കിൽ നിങ്ങളെയെല്ലാം അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. എന്നാൽ, ഇങ്ങനെ ചെയ്തത് നിങ്ങൾക്ക് അവൻ നൽകിയതിൽ നിങ്ങളെ പരീക്ഷിക്കാനത്രെ” (5:48).

ഖുർആൻ ഈവിധം സമ്പൂർണമതസ്വാതന്ത്ര്യം വിളംബരംചെയ്യുന്നു. നീണ്ട പതിനാലു നൂറ്റാണ്ടുകാലം മുസ്‌ലിംകൾ ഭരണം നടത്തിയ നാടുകളിലിന്നും മതന്യൂനപക്ഷങ്ങൾ സ്വൈരമായി കഴിയാനുള്ള കാരണവും അതുതന്നെ. ലോകത്ത് ഇന്ന് അറുപതോളം മുസ്‌ലിംനാടുകളുണ്ട്. അവയുൾക്കൊള്ളുന്ന ഭൂപ്രദേശങ്ങളിലേറെയും ആയിരത്തിനാനൂറിലേറെ വർഷം മുസ്‌ലിംഭരണം നിലനിന്നവയാണ്. അതോടൊപ്പം അപൂർവം ചില പ്രദേശങ്ങളൊഴിച്ച് എല്ലായിടത്തും അമുസ്‌ലിംന്യൂനപക്ഷങ്ങളുണ്ട്. അവർ അവിടങ്ങളിൽ ഏതൊരു മതേതരരാജ്യത്തേക്കാളുമേറെ മതസ്വാതന്ത്ര്യം അനുഭവിച്ചുപോരുന്നുവെന്നത് അനിഷേധ്യയാഥാർഥ്യമത്രെ. ഖുർആൻ സ്വീകരിച്ച സഹിഷ്ണുതാപരവും ഉദാരവുമായ സമീപനമാണിതിന് കാരണം.

## തുല്യനീതി

ഖുർആൻ ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാനമൂല്യങ്ങളിലൊന്നാണ് നീതി. അല്ലാഹു അറിയിക്കുന്നു: ‘‘നിശ്ചയം, അല്ലാഹു നീതിയും നന്മയും നടത്താനും കുടുംബബന്ധങ്ങൾ പുലർത്താനും അനുശാസിക്കുന്നു” (16:90).

“നിങ്ങൾ നീതി പാലിക്കുക. നിശ്ചയമായും അല്ലാഹു സ്നേഹിക്കുന്നത് നീതിമാന്മാരെയാകുന്നു” (49:9).

സ്വന്തം സമുദായത്തോട് ശത്രുത പുലർത്തുന്നവരോടുപോലും അനീതി അരുതെന്ന് ഖുർആൻ അനുശാസിക്കുന്നു:

“വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി നേർമാർഗത്തിൽ നിലകൊള്ളുന്നവരും നീതിക്കു സാക്ഷ്യം വഹിക്കുന്നവരുമാവുക. ഒരു ജനതയോടുള്ള വിരോധം അനീതി പ്രവർത്തിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പാലിക്കുക. അതാണ് ദൈവഭക്തിക്ക് ഏറ്റം അനുയോജ്യം” (5:8).

പ്രവാചകന്റെ കാലത്ത് ബനൂസഫർ ഗോത്രത്തിൽപെട്ട ഒരു മുസ്‌ലിം പടയങ്കി മോഷ്ടിച്ചു. കാണാതായ അങ്കിയുടമസ്ഥൻ അന്വേഷണമാരംഭിച്ചതോടെ അയാളത് ഒരു ജൂതന്റെ വശം പണയംവച്ചു. ഒടുവിൽ കളവ് കണ്ടുപിടിച്ചു. കേസ് പ്രവാചകസന്നിധിയിലെത്തി. അപ്പോൾ ജൂതൻ സംഭവത്തിന്റെ സത്യാവസ്ഥ വ്യക്തമാക്കി. എങ്കിലും മോഷ്ടാവ് അത് നിഷേധിച്ചു. കുറ്റം നിരപരാധിയായ ജൂതന്റെ മേൽ ആരോപിക്കുകയും ചെയ്തു. അയാളുടെ ബന്ധുക്കളും മിത്രങ്ങളും അയാളെ പിന്താങ്ങി. അവർ പറഞ്ഞു: “ഇവനൊരു ജൂതനാണ്. സത്യത്തെയും സത്യപ്രബോധനത്തെയും നിഷേധിക്കുന്ന ഇവന്റെ വാക്കൊരിക്കലും വിശ്വസനീയമല്ല. വിശ്വാസികളായ ഞങ്ങളുടെ വാദത്തിനാണ് വില കൽപിക്കേണ്ടത്.”

സമൂഹവും സാഹചര്യത്തെളിവുകളും ജൂതനെതിരായിരുന്നതിനാൽ നബിതിരുമേനിയുടെ മനസ്സുപോലും അങ്ങോട്ടു ചായുകയായിരു

ന്നു. എങ്കിലും വിധി പ്രഖ്യാപിച്ചിരുന്നില്ല. അതിനുമുമ്പേ ഖുർആൻ അദ്ദേഹത്തിന്റെ നിരപരാധിത്വം അനാവരണം ചെയ്യുകയും യഥാർഥ കുറ്റവാളിയെ വെളിപ്പെടുത്തുകയും ചെയ്തു. മുസ്‌ലിംകൾക്കെതിരെ ജൂതന്നനുകൂലമായി അവതീർണമായ പ്രസ്തുത ഖുർആൻ സൂക്തങ്ങളി ങ്ങനെ വായിക്കാം: "നബിയേ, നാമിതാ ഈ വേദം സത്യസമേതം നിനക്ക് അവതരിപ്പിച്ചുതന്നിരിക്കുന്നു. അല്ലാഹു കാണിച്ചുതരുന്നതു പോലെ നീ ജനത്തിനിടയിൽ വിധി കൽപിക്കേണ്ടതാകുന്നു. നീ വഞ്ച കന്മാർക്കുവേണ്ടി വാദിക്കുന്നവനാവാതിരിക്കുക. അല്ലാഹുവോട് മാപ്പ പേക്ഷിക്കുക. അവൻ വളരെ മാപ്പരുളുന്നവനും ദയാപരനുമല്ലോ. ആത്മ വഞ്ചകരായ ആളുകൾക്കുവേണ്ടി നീ വാദിക്കരുത്. കൊടുംവഞ്ചകനും മഹാപാപിയുമായ ആരെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല. തങ്ങളുടെ ചെയ്തികൾ ജനങ്ങളിൽനിന്ന് മറച്ചുവയ്ക്കാനവർക്ക് കഴിയുന്നു. എന്നാൽ, അല്ലാഹുവിൽനിന്ന് ഒളിച്ചുവയ്ക്കാനവർക്കാവില്ല. അവർ രാത്രിവേളകളിൽ അവന്റെ പ്രീതിക്കു വിരുദ്ധമായി ഗൂഢാലോചന നട ത്തുമ്പോഴും അവരോടൊപ്പമുണ്ട്. അല്ലാഹു അവരുടെ പ്രവർത്തനങ്ങ ളെയെല്ലാം വലയം ചെയ്തവനാകുന്നു. അതേ, ഐഹികജീവിതത്തിൽ നിങ്ങൾ ഈ പാപികൾക്കു വേണ്ടി വാദിക്കുന്നു. എന്നാൽ, പുനരുത്ഥാ നനാളിൽ അവർക്കുവേണ്ടി ആരാണ് അല്ലാഹുവോട് വാദിക്കുക? അല്ലെങ്കിൽ ആരാണ് അവിടെ അവരുടെ വക്കീലാവുക?" (4:105-109).

ഇതര മതവിഭാഗങ്ങളോട് സ്വീകരിക്കേണ്ട സമീപനത്തിന്റെ അടി സ്ഥാനം ഖുർആൻ ഇങ്ങനെ വിശദീകരിക്കുന്നു:

"മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങ ളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്ന വരെ സംബന്ധിച്ചേടത്തോളം നിങ്ങളവർക്ക് നന്മചെയ്യുന്നതും നിങ്ങള വരോട് നീതി കാണിക്കുന്നതും അല്ലാഹു വിലക്കുകയില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു" (60:8).

ഇങ്ങോട്ട് ശത്രുത കാണിക്കാത്തവരോട് അങ്ങോട്ടും വിരോധംവ യ്ക്കരുതെന്നാണ് ഇവിടെ നീതിയുടെ വിവക്ഷ. മറിച്ച്, നിയമനടത്തി പ്പിലെ നീതിയല്ല. അതിൽ ശത്രുമിത്രഭേദമില്ലാതെ എല്ലാവരോടും നീതി പാലിക്കണമെന്ന് ഖുർആൻ 5:8-ൽ അസന്ദിഗ്ധമായി വ്യക്തമാക്കിയതാ ണല്ലോ. ജാതി- മത-സമുദായ-ബന്ധു-ശത്രു-മിത്രഭേദമന്യേ എല്ലാവ രോടും നീതിയിൽ വർത്തിക്കണമെന്നാണ് ഖുർആന്റെ അനുശാസനം.